നേരിട്ട് തെരഞ്ഞെടുക്കൽ, ജീവനക്കാരിൽ നിന്നും പൊതു മത്സരം വഴി തെരഞ്ഞെടുക്കൽ എന്നീ മൂന്നു ചാനലുകളിലൂടെ നിയമനം നടത്താൻ ശുപാർശ ചെയ്തിട്ടുണ്ട്. ഒന്നും മൂന്നും ചാനലുകളിൽ ഏതെങ്കിലും വിഷയത്തിൽ ഡിഗ്രി ഉള്ളവരിൽ നിന്നും പ്രായ പരിധിയുടെ, അടിസ്ഥാനത്തിൽ തുറന്ന മത്സരത്തിലൂടെ പബ്ലിക് സർവീസ് കമ്മീഷൻ തെരഞ്ഞെടുക്കണം. രണ്ടാമത്തെ ചാനലിൽ വരുന്നവരെ രണ്ടു ഘട്ടങ്ങളിലൂടെ കടത്തിവിട്ടുവേണം തെരഞ്ഞെടുക്കേണ്ടത്. പ്രവേശന തസ്തിക അണ്ടർ സെക്രട്ടറിക്ക് തുല്യവും ഏറ്റവും ഉയർന്ന തസ്തിക സർക്കാരിന്റെ സ്പെഷ്യൽ സെക്രട്ടറിയുടെ തസ്തികയ്ക്ക് തുല്യവുമായിരിക്കണമെന്നതാണ് എ.ആർ.സി.-യുടെ മറ്റൊരു പ്രധാന ശുപാർശ. അഞ്ച് ശമ്പളനിരക്കിലുള്ള തസ്തികകളാണ് ഇതിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിരിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്നവർ സംസ്ഥാന സർവ്വീസിലെ ആദ്യ ഗസറ്റഡ് തസ്തികയിൽ—ബി.ഡി.ഒ., തഹസിൽദാർ, താലൂക്ക് സപ്ലൈ ആഫീസർ തുടങ്ങിയവ—രണ്ടു വർഷമെങ്കിലും പ്രവർത്തിക്കണം.

(ബി, സി) മന്ത്രിസഭാ തീരുമാനമായിട്ടില്ല.

(ഡി) കേരള ഭരണ പരിഷ്കാര സമിതി സമർപ്പിച്ചിട്ടുള്ള 9-ാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേൽ സെക്രട്ടേറിയറ്റ് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ) ഇതു സംബന്ധിച്ച് ഏതാനും നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(എഫ്) പരിശോധിച്ച് വരുന്നതേയുള്ളൂ.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ഒഴിവുകൾ പി.എസ്.സി. വഴി മാത്രം നികത്താൻ നടപടി

88 [5824] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡും വാട്ടർ അതോറിറ്റിയും ഉൾപ്പെടെയുള്ള പൊതു മേഖലാ സ്ഥാപനങ്ങളിലുണ്ടാകുന്ന സ്ഥിരം ഒഴിവുകൾ പി. എസ്. സി. വഴി നികത്തുന്നതിന് ഗവൺമെന്റിന്റെ അംഗീകാരം ആവശ്യമാണോ;

(ബി) ഈ പൊതുമേഖലാ സ്ഥാപനങ്ങളിലുണ്ടാകുന്ന സ്ഥിരം ഒഴിവുകൾ ഗവൺമെന്റിന് റിപ്പോർട്ട് ചെയ്ത് അംഗീകാരം വാങ്ങി പി.എസ്.സി.-യോട് ഒഴിവ് നികത്താൻ ആവശ്യപ്പെടാതെ ഒഴിവിന്റെ വിവരം ലഭിച്ചിട്ടും നടപടി എടുക്കുന്നതിൽ പ്രസ്തുത പൊതുമേഖലാ സ്ഥാപന മേധാവികൾ കാലതാമസം വരുത്തുന്നുണ്ടോ;

(സി) സ്ഥിരം ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് അത്തരം ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുവാനും അതിന് ഗവൺമെന്റ് അംഗീകാരം കിട്ടിയാലുടനെ നിയമനം നടത്തുവാനും വൈദ്യുതി ബോർഡും വാട്ടർ അതോറിറ്റിയും ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിൽ 30-6-2003-ലെ സ്ഥിതി അനുസരിച്ച് സ്ഥിരം ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമിച്ചിട്ടുള്ള എസ്.എൽ.ആർ. തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ സേവനം റഗുലറൈസ് ചെയ്യരുതെന്നും സ്ഥിരം ഒഴിവുകളിൽ പി.എസ്.സി. വഴി നിയമനം നടത്തണമെന്നും നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് നമ്പർ 572/02/ധന. തീയതി 24-9-2002 പ്രകാരം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അനുമതിയോടെ മാത്രമേ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യാൻ പാടുള്ളൂ. വ്യയനിയന്ത്രണ ഉത്തരവുകൾ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമായതിനാൽ ഒഴിവുകൾ നികത്തുവാൻ വേണ്ട അനുമതി പൊതുമേഖലാ സ്ഥാപനങ്ങൾക്കും ആവശ്യമാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നിർദ്ദേശം പരിഗണിച്ചുവരുന്നു.

(ഡി) നിർദ്ദേശം പരിഗണനയിലാണ്.

സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും വിരമിക്കുന്നവർ

89 [5825] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നും പ്രതിവർഷം എത്ര പേർ വിരമിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ/പൊതുമേഖല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചത്ര പേരാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും എത്രപേർ വിരമിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരികയാണ്.

സർവ്വീസിൽ തിരിച്ചെടുക്കുന്നതിന് വേണ്ടിയുള്ള നിവേദനം

90 [5828] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly